## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3589 23.06.2014 ന് മറുപടിയ്ക്ക്

## പുതുക്കാട് ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാമിലെ ഇക്കോടൂറിസം പദ്ധതി പൂർത്തിയാക്കുവാൻ വനം വകുപ്പിനെ ഏൽപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പണി ഇപ്പോഴും പൂർത്തിയാക്കാതെ കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;. | (ബി) ചിമ്മിനി ഡാമിലെ ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)2547/2007/TSM തീയതി 27.03.2007 പ്രകാരം 9 ഘടക പദ്ധതികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി പദ്ധതികൾ നടപ്പാക്കുന്നതിന് 2 ഗഡുക്കളായി 20 ലക്ഷം രൂപ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചു. ആയതിൽ 6 ഘടകപദ്ധതികൾ പൂർണ്ണമായും, ഒരു ഘടകപദ്ധതി ഭാഗികമായും പൂർത്തീകരിച്ചു. ബാക്കിയുള്ള 2 ഘടക പദ്ധതികളിൽ ഒന്നായ തോട്ടപ്പുരയിലെ 'ഇക്കോ ലോഡ്ജ്' നിർമ്മാണം സുപ്രീം കോടതിയുടെ ഉത്തരവുകളും വന നിയമങ്ങളും കാരണം പ്രായോഗിക-മല്ലാത്തതിനാൽ നടത്തിയിട്ടില്ല. മറ്റൊരു ഘടകപദ്ധതിയായ 'ഓർക്കിഡ് ട്രെയിൽ' പ്രായോഗികമല്ലാത്തതിനാൽ ടി പദ്ധതിയും ഉപേക്ഷിച്ചു. പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് (സർക്കാർ കത്ത് നം.72395/എ 4/09/ടി.എസ്സ്.എം |

തീയതി 25.08.2012, ഇക്കോ ടൂറിസം ഡയറക്ടറുടെ കത്ത് നം.ഇ.ടി/ടി2/50-11/2007 തീയതി 20.09.2012) എസ്റ്റിമേറ്റുകൾ ഇക്കോ ടൂറിസം ഡയറക്ടർക്ക് നൽകിയിരുന്നുവെങ്കിലും, പുതുക്കിയ പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. തുടർന്ന് ഇക്കോ ടൂറിസം ഡയറക്ടറുടെ 28.03.2014 തീയതിയിലെ നിർദ്ദേശ പ്രകാരം ചെലവാകാതെയിരുന്ന ബാക്കി തുക 04.04.2014 തീയതിയിൽ പീച്ചി വൈൽഡ് ലൈഫ് വാർഡൻ തിരികെ നൽകി.

(സി) പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

(സി) 2014-15 വർഷത്തിൽ പീച്ചി, വാഴാനി, ചിമ്മിനി വന്യജീവി സങ്കേതങ്ങളിൽ നടപ്പാക്കാനുള്ള ഇക്കോടൂറിസം പദ്ധതികളുടെ പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ